**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5786** **16-03-2023 - ൽ മറുപടിയ്ക്ക്**

**ആശുപത്രി ആക്രമണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള നിയമം ദുർബലവും പഴുതുകളുള്ളതും ആയതിനാൽ ആശുപത്രി ആക്രമണ കേസുകളിൽ ഉൾപ്പെട്ടവർക്ക് മതിയായ ശിക്ഷ ലഭിക്കാതെ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | ആശുപത്രി ആക്രമണ കേസുകൾ വളരെ ഗൗരവപരമായാണ് കൈകാര്യം ചെയ്യുന്നത്. ഇത്തരത്തിൽ അനിഷ്ട സംഭവങ്ങൾ ഉണ്ടായാൽ കാലതാമസം കൂടാതെ തന്നെ പോലീസിൽ റിപ്പോർട്ട് ചെയ്യാറുണ്ട്. ഇത്തരത്തിലുള്ള ആക്രമണ കേസുകളിൽ ഉൾപ്പെട്ടവർക്ക് മതിയായ ശിക്ഷ ലഭിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല<br><br>ആശുപത്രി ജീവനക്കാർക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും ആരോഗ്യ പ്രവർത്തകർക്ക് സുരക്ഷിതമായി തങ്ങളുടെ ജോലികൾ നിർവ്വഹിക്കുന്നതിനും അവസരം ഒരുക്കുന്നതിനായി വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് എതിരെയുള്ള അതിക്രമങ്ങൾ കുറച്ചു കൊണ്ടുവരുന്നതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നിഷ്കർഷിച്ചുകൊണ്ട് സർക്കാർ ഉത്തരവ് G.O(Rt)No.1735/2021/H&FWD Dtd.12/08/2021 പുറപ്പെടുവിച്ചിട്ടുള്ളതും തുടർന്ന് 04/07/2022- 118/B4/2022/Health പ്രകാരം സർക്കുലർ പുറപ്പെടുവിച്ചതുമാണ്. അതിനെ തുടർന്ന് 04/07/2022- ൽ കെ4/5870/2022/മെ.വി.വ. പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരിപത്രവും പുറപ്പെടുവിച്ചിട്ടുമുണ്ട്. അതിലെ നിർദ്ദേശങ്ങൾ പാലിക്കാൻ വകുപ്പിനു കീഴിലെ എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആശുപത്രി ജീവനക്കാർക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങൾ സംബന്ധിച്ച് പോലീസിൽ പരാതി നൽകി വരികയും ആയതുമായി ബന്ധപ്പെട്ട് കർശന നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.<br><br>കേരള ഹെൽത്ത് കെയർ പേഴ്സൺസ് & ഹെൽത്ത് കെയർ സർവ്വീസ് ഇൻസ്റ്റിറ്റ്യൂഷൻസ് (അക്രമവും വസ്തുവകകൾക്ക് നാശനഷ്ടവും തടയൽ) ആക്ട്, 2012 |

| | | | |
|---|---|---|---|
| | | | നിയമം ഭേദഗതി ചെയ്യുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ആശുപത്രി ജീവനക്കാരുടെ ആശങ്ക അകറ്റുന്നതിനും വർദ്ധിച്ചുവരുന്ന ഇത്തരം ആക്രമണങ്ങൾ തടയുന്നതിനും നിലവിലുള്ള നിയമം ഭേദഗതി ചെയ്യുകയോ ഓർഡിനൻസ് കൊണ്ടുവരികയോ ചെയ്യുന്ന കാര്യം പരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ആശുപത്രി ആക്രമണ കേസുകൾ വളരെ ഗൗരവപരമായാണ് കൈകാര്യം ചെയ്യുന്നത്. ഇത്തരത്തിൽ അനിഷ്ട സംഭവങ്ങൾ ഉണ്ടായാൽ കാലതാമസം കൂടാതെ തന്നെ പോലീസിൽ റിപ്പോർട്ട് ചെയ്യാറുണ്ട്. ഇത്തരത്തിലുള്ള ആക്രമണ കേസുകളിൽ ഉൾപ്പെട്ടവർക്ക് മതിയായ ശിക്ഷ ലഭിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല<br><br>ആശുപത്രി ജീവനക്കാർക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും ആരോഗ്യ പ്രവർത്തകർക്ക് സുരക്ഷിതമായി തങ്ങളുടെ ജോലികൾ നിർവ്വഹിക്കുന്നതിനും അവസരം ഒരുക്കുന്നതിനായി വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് എതിരെയുള്ള അതിക്രമങ്ങൾ കുറച്ചു കൊണ്ടുവരുന്നതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നിഷ്കർഷിച്ചുകൊണ്ട് സർക്കാർ ഉത്തരവ് G.O(Rt)No.1735/2021/H&FWD Dtd.12/08/2021 പുറപ്പെടുവിച്ചിട്ടുള്ളതും തുടർന്ന് 04/07/2022- 118/B4/2022/Health പ്രകാരം സർക്കുലർ പുറപ്പെടുവിച്ചതുമാണ്. അതിനെ തുടർന്ന് 04/07/2022- ൽ കെ4/5870/2022/മെ.വി.വ. പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരിപത്രവും പുറപ്പെടുവിച്ചിട്ടുമുണ്ട്. അതിലെ നിർദ്ദേശങ്ങൾ പാലിക്കാൻ വകുപ്പിനു കീഴിലെ എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആശുപത്രി ജീവനക്കാർക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങൾ സംബന്ധിച്ച് പോലീസിൽ പരാതി നൽകി വരികയും ആയതുമായി ബന്ധപ്പെട്ട് കർശന നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.<br><br>കേരള ഹെൽത്ത് കെയർ പേഴ്സൺസ് & ഹെൽത്ത് കെയർ സർവ്വീസ് ഇൻസ്റ്റിറ്റ്യൂഷൻസ് (അക്രമവും വസ്തുവകകൾക്ക് നാശനഷ്ടവും തടയൽ) ആക്ട്, 2012 നിയമം ഭേദഗതി ചെയ്യുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ